
## കത്തുകൾ




# കൗമാരത്തെ തിരിച്ചുപിടിക്കുക

'**കൈവിട്ടുപോകുന്ന** കൗമാരം' എന്ന കവർസ്റ്റോറി (ലക്കം 29) നാം ശ്രദ്ധിക്കേണ്ട ചില യാഥാർഥ്യങ്ങളിലേക്ക് വിരൽചൂണ്ടുന്നു. ദീനീബോധമുള്ള രക്ഷിതാക്കളുടെ മക്കൾ വഴിതെറ്റുന്നതിന് ടെലിവിഷനെയും മൊബൈൽ ഫോണിനെയും മാത്രം പഴിച്ചതുകൊണ്ട് കാര്യമില്ല. ഹൈസ്കൂളിൽ പഠിക്കുന്ന പെൺ മക്കൾ തലയിൽ തട്ടമിടാത്തതിനെപ്പറ്റി, അവളുടെ വസ്ത്രത്തിന്റെ കൈയിന്റെ നീളത്തെപ്പറ്റി സൂചിപ്പിച്ചാൽ അവർ പറയും: അവർ കൊച്ചു കുട്ടിയല്ലേ? ഈ പ്രായത്തിലല്ലേ ഇങ്ങനെ നടക്കാൻ പറ്റൂ? ഇത് കുട്ടികൾക്ക് പ്രോത്സാഹനമായി തീരുകയാണ്. കുട്ടികളിൽ ഇസ്‌ലാമികബോധം വളർത്തുന്ന പരിപാടികളിലേക്ക് ക്ഷണിച്ചാൽ 'അവന്റെ പഠനം തടസ്സപ്പെടും' എന്ന് പറഞ്ഞ് തടസ്സങ്ങളുണ്ടാക്കും ഇത്തരം മാതാപിതാക്കൾ. പത്താംതരത്തിൽ ഉയർന്ന മാർക്ക് വാങ്ങിയതിന് ക്യാമറാ ഫോണുകളാണ് ചില മാതാപിതാക്കൾ മക്കൾക്ക് വാങ്ങിക്കൊടുക്കുന്നത്.

ഇന്നത്തെ കൗമാരക്കാർ സ്ത്രീയെ ഉപഭോഗവസ്തുവായി മാത്രമേ കാണുന്നുള്ളൂ എന്നതിന് തെളിവാണ്, ഇക്കഴിഞ്ഞ പുതുവർഷാഘോഷവേളയിൽ എറണാകുളം മറൈൻ ഡ്രൈവിലും മുംബൈയിലും സ്ത്രീകൾക്കെതിരെ നടന്ന മാനഭംഗ ശ്രമങ്ങൾ. തീറ്റ, കുടി, ലൈംഗികത എന്ന മൃഗസ്വഭാവത്തിലേക്ക് മനുഷ്യനെ വഴിതെറ്റിക്കാൻ പുതിയ ടൂറിസം കൂടി രംഗത്തെത്തിയതോടെ കൗമാരത്തിന്റെ കൈവിട്ടുപോകലിന് വേഗത കൂടിക്കൊണ്ടിരിക്കുകയാണ്.

വിദ്യാർഥി-വിദ്യാർഥിനികളുടെ സാംസ്കാരികാധഃപതനത്തിൽ ഒരു വലിയ പങ്ക് വഹിക്കുന്നത് നഷ്ടപ്പെട്ടുപോയ സർഗാത്മക വിദ്യാർഥി രാഷ്ട്രീയമാണ് എന്ന വസ്തുതയും കാണാതിരുന്നുകൂടാ. വിദ്യാർഥികളുടെ സർഗാത്മകതയും സമരോത്സുകതയും ഇല്ലാതാക്കി അവരെ പാശ്ചാത്യ സംസ്കാരത്തിന്റെ അടിമകളാക്കിയതിൽ ആഗോളീകൃത വിദ്യാഭ്യാസത്തിനുള്ള പങ്ക് വളരെ വലുതാണ്.

പണ്ട് കാമ്പസുകളിലെ വിദ്യാർഥികൾ എഴുത്തിലും വായനയിലും അതീവ തൽപരരായിരുന്നു. അവരുടെ തർക്കങ്ങൾ ആശയസമരങ്ങളായി വികസിച്ചിരുന്നു. അവരുടെ ഒഴിവുവേളകളും സായാഹ്നങ്ങളും അവരെ വായനശാലകളിലും ലൈബ്രറികളിലും കൊണ്ടെത്തിച്ചു. അവരുടെ യുവജനോത്സവങ്ങൾ സാംസ്കാരിക വിപ്ലവങ്ങളായിരുന്നു.

ഇന്ന് കാമ്പസ് ശ്രദ്ധ ഉടക്കുന്നത് മാറിലും മുതുകിലുമെല്ലാം എഴുതിവെച്ചിരിക്കുന്ന പരസ്യ വാചകങ്ങളിലാണ്. ഇവിടെ മത്സരം വില കൂടിയ മൊബൈലുകൾക്കും നീളം കുറഞ്ഞ വസ്ത്രങ്ങൾക്കും വേണ്ടിയാണ്. തർക്കങ്ങൾ യുവ നടീനടന്മാരുടെ ഭാവി വധൂവരന്മാരെ പ്രവചിക്കുന്നതിലാണ്. യുവജനോത്സവങ്ങൾ റിയാലിറ്റി ഷോകളെ വെല്ലുന്ന റിയാലിറ്റി ഷോകൾ! ഒഴിവുവേളകളും സായാഹ്നങ്ങളും ബ്യൂട്ടി പാർലറുകളിലും ഹോട്ടൽ മുറികളിലും!

കൗമാരത്തിന്റെ ചടുലതയിൽ വഴിപിഴച്ചുപോകുന്ന വിദ്യാർഥികളെ നേർപാതയിലേക്ക് കൊണ്ടുവരേണ്ടത് ഓരോരുത്തരുടെയും ബാധ്യതയാണ്.

**ആസിഫ് മുഹമ്മദ് ഇടുക്കി**

# മുൻവിധികൾ തീർക്കുന്ന ചതിക്കുഴി

'**കൈവിട്ടുപോകുന്ന** കൗമാര'ത്തെക്കുറിച്ച് വന്ന കവർസ്റ്റോറി വായിച്ചു. മക്കളെ ഉന്നത വിദ്യാഭ്യാസത്തിനു പണം നൽകി അയച്ചതുകൊണ്ടു മാത്രം കടമ തീർന്നെന്നു വിചാരിക്കുന്ന മാതാപിതാക്കൾക്ക് ഒരു താക്കീതാണ് ലേഖനം. രക്ഷിതാക്കളുടെ കണ്ണിന്റെയും കാതിന്റെയും പരിധിക്കു പുറത്താണ് തങ്ങളെന്ന വിശ്വാസമാണ് പല വിദ്യാർഥികളും അതിരുകളില്ലാത്ത സ്വാതന്ത്ര്യം തെരഞ്ഞെടുക്കാൻ കാരണം. മക്കളുടെ വിവരങ്ങൾ അറിയാനുള്ള സംവിധാനം ഉണ്ടായാൽത്തന്നെ വഴിതെറ്റാനുള്ള സാഹചര്യങ്ങൾ പരിമിതമാകും. എന്റെ മകൻ/മകൾ ഒരിക്കലും വഴിതെറ്റിപ്പോവില്ല എന്ന മുൻവിധി പാടില്ല. അത്തരം മുൻവിധികളെ തകർക്കുന്നതാണ് നിത്യേന വന്നുകൊണ്ടിരിക്കുന്ന വാർത്തകൾ. കാമ്പസിൽ ബോയ് ഫ്രണ്ടിന്റെ പ്രലോഭനങ്ങളിൽ കുടുങ്ങിയ ഒരു പെൺകുട്ടിയുടെ അമ്മ കണ്ണീർ വാർത്തുകൊണ്ട് പറഞ്ഞത്: 'എന്റെ മോളിതു ചെയ്യുമെന്ന് ഒരിക്കലും കരുതിയില്ല' എന്നാണ്.

കേരളത്തിനു പുറത്ത് മക്കളെ വിദ്യാഭ്യാസത്തിന് അയക്കുന്ന ഏതു മാതാപിതാക്കളുടെയും ചങ്കിടിപ്പ് കൂട്ടുന്ന രീതിയിലേക്കാണ് കാര്യങ്ങളുടെ പോക്ക്. *വനിത* മാസികയിൽ (2007 ഒക്ടോബർ) ഞെട്ടിക്കുന്ന കുറേ വിവരങ്ങൾ കേരളത്തിലെ മാതാപിതാക്കൾക്ക് നൽകുന്നുണ്ട്. ന്യൂദൽഹിയിലെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സോഷ്യൽ സയൻസ് നടത്തിയ പഠനത്തിൽ വിദ്യാർഥികൾ ലൈംഗിക ബന്ധത്തിലേർപ്പെടുന്നതിന്റെ കണക്ക് വ്യക്തമാക്കുന്നു. സർവേയിൽ പങ്കെടുത്ത 69.8 ശതമാനം പേരും ആദ്യ തവണ ലൈംഗികബന്ധത്തിൽ ഏർപ്പെട്ടത് 18 വയസ്സിനു മുമ്പായിരുന്നു. അതിൽ 41.35 ശതമാനം പേർ 16 വയസ്സിനു മുമ്പേ ലൈംഗികബന്ധത്തിൽ ഏർപ്പെട്ടുവെന്നാണ് 2005-ൽ പ്രസിദ്ധീകരിച്ച സർവേയിൽ വ്യക്തമാക്കിയിരിക്കുന്നത്.

മധ്യതിരുവിതാംകൂറിലെ ഒരു എഞ്ചിനീയറിംഗ് വിദ്യാർഥിനിയുടെ ബാങ്ക് അക്കൗണ്ടിൽ 7 ലക്ഷം രൂപ കയറിയത് കണ്ട് അന്വേഷിച്ച മാതാപിതാക്കൾക്കും പോലീസിനും കിട്ടിയ വിവരം അമ്പരപ്പിക്കുന്നതായിരുന്നു. ശരീരം വിറ്റതിനു അവൾക്ക് കിട്ടിയ പ്രതിഫലമായിരുന്നു ഈ പണം! കാമ്പസുകളിലെ സ്റ്റഡി ടൂറിനെക്കുറിച്ച് പോലീസ് ട്രെയിനിംഗ് കോളേജ് ഡയറക്ടർ ഐ.ജി അലക്സാണ്ടർ ജേക്കബ് പറയുന്നു: "അധികൃതർ അറിയാതെ കുട്ടികൾ തന്നെ ടൂറ് പോയി 'ഗ്യാങ് റേപ്പ്' നടന്ന സംഭവങ്ങൾ ധാരാളമായി ഉണ്ടായിട്ടുണ്ട്. പക്ഷേ കുട്ടികളുടെ ഭാവിയെ കരുതി രഹസ്യമായി കൈകാര്യം ചെയ്യുകയാണ് പതിവ്." മംഗലാപുരത്തുനിന്നും കേരളത്തിലേക്ക് വരുന്ന ഒരു ബസ്സിന്റെ കണ്ടക്ടർ പറയുന്നു: "ഭാര്യാഭർത്താക്കന്മാർ പോലും പരസ്യമായി ചെയ്യാൻ മടിക്കുന്ന നിർലജ്ജമായ പ്രവൃത്തികളാണ് യാത്രക്കിടയിൽ വിദ്യാർഥി വിദ്യാർഥിനികളിൽനിന്നുണ്ടാ

നമ്മുടെ കുട്ടികൾ നന്മയെ സ്നേഹിക്കുന്നവരും തിന്മയെ വെറുക്കുന്നവരുമായി വളരുകയുള്ളൂ.

**പി.എ.എം അബ്ദുൽ ഖാദിർ**
**തിരൂർക്കാട്**

# ലക്ഷ്യം പിഴച്ച വിദ്യാഭ്യാസം

**ശാസ്ത്രത്തെക്കുറിച്ച** തെറ്റായ ധാരണകളാണ് 'വിജ്ഞാനം മൂല്യമുക്തമാണ്' എന്ന സങ്കൽപം വളർത്തിയത്. വിജ്ഞാനത്തെ മൂല്യമുക്തമാക്കുക വഴി, വിദ്യാഭ്യാസത്തിന്റെയും ജീവിതത്തിന്റെ തന്നെയും പ്രധാന മേഖലകളിൽനിന്ന് മതം ഒഴിവാക്കപ്പെടുകയാണ് ചെയ്തത്. ഇത് ദൂരവ്യാപകമായ പ്രത്യാഘാതങ്ങളുണ്ടാക്കി. അങ്ങനെയാണ് മതത്തിൽനിന്ന് മുറിച്ചുമാറ്റപ്പെട്ട വിജ്ഞാനമുണ്ടായത്. നവോത്ഥാനത്തിലൂടെ രൂപമെടുത്ത വികലമായ മതബോധമാകട്ടെ ഈ വിജ്ഞാനത്തിന് അംഗീകാരം നൽകുകയും ചെയ്തു.

യൂറോപ്യൻ നവോത്ഥാനം നമ്മുടെ ചിന്താമണ്ഡലത്തെ കീഴടക്കിയപ്പോൾ അതിന്റെ സ്വാഭാവിക ഫലമെന്നോണം മൂല്യമുക്തമായ വിജ്ഞാനം എന്ന തെറ്റായ സങ്കൽപത്തെയും നാം അംഗീകരിക്കുകയായിരുന്നു.

ആധുനിക ശാസ്ത്രം ദൈവത്തെയും മതത്തെയും ഒഴിച്ചുനിർത്തി സൃഷ്ടിപ്രതിഭാസങ്ങളെ പഠിക്കാനും വിശദീകരിക്കാനുമാണ് ശ്രമിക്കുന്നത്. ഇതോടെ സൃഷ്ടി പ്രതിഭാസങ്ങൾ ദൃഷ്ടാന്തങ്ങളല്ലാതായി മാറി. ശാസ്ത്രപഠനത്തിൽ സംഭവിച്ച ഗുരുതരമായ അട്ടിമറിയാണിത്. ദൈവത്തെയും മതത്തെയും മനുഷ്യവിരുദ്ധമായി ചിത്രീകരിക്കുന്നേടത്തോളം അത് ചെന്നെത്തി.

ആധുനിക വിദ്യാഭ്യാസം വിദ്യാർഥികളിൽ കേവല വിവര വർധനവിനപ്പുറം കാര്യമായ മാറ്റങ്ങളൊന്നുമുണ്ടാക്കാത്തത് ഇതുകൊണ്ടാണ്. മൂല്യങ്ങളുമായി കൂട്ടിയിണക്കാത്ത വിജ്ഞാനത്തിന്റെ സ്വാഭാവിക പരിണതിയാണിത്.

ശരീരം, മനസ്സ്, ആത്മാവ് എന്നിവയുടെ സംഘാതമായ മനുഷ്യനിൽ ഇവയോരോന്നിന്റെയും സന്തുലിതവും സമഗ്രവുമായ വികസനമാണുണ്ടാവേണ്ടത്. ഓരോന്നും കൃത്യമായി നിർണയിക്കപ്പെടണം. മനുഷ്യജീവിതത്തെ വിഭജിക്കാൻ കഴിയാത്ത ഏകകമായി കാണുമ്പോൾ മാത്രമേ ഇത് സാധ്യമാകൂ. അതിലൂടെ മാത്രമാണ് വളർച്ചയും വികാസവും സാധ്യമാവുക.

**സി.എം റഫീഖ് ചാലിശ്ശേരി**

കുന്നത്". ബസ്സിൽ ലൈറ്റിടരുതെന്ന് പറഞ്ഞ് വിദ്യാർഥികൾ ഡ്രൈവർക്കും കണ്ടക്ടർക്കും നൂറ് രൂപാ വീതം നൽകാറുണ്ടത്രെ!

ഇങ്ങനെ നേരിൽ കണ്ടതും കേട്ടതും വായിച്ചതുമായ വിവരങ്ങൾ പറയുമ്പോൾ പല വിദ്യാർഥികളുടെയും പ്രതികരണം, 'ഇതിത്ര വലിയ സംഭവമാണോ' എന്നാണ്. അവരുടെ ഈ പ്രതികരണ രീതിയും മനോഭാവവും നിസ്സാരമായി തള്ളാനാവില്ല. സാംസ്കാരിക ജീവിതത്തിനും കുടുംബഭദ്രതക്കും കളങ്കമേൽപിക്കുന്ന ഈ വൻ വിപത്ത് മുളയിൽ തന്നെ നുള്ളേണ്ടിയിരിക്കുന്നു. എങ്കിൽ മാത്രമേ വളരുന്ന തലമുറയിലെ കൈവിട്ടു പോകുന്ന കൗമാരത്തെ തിരിച്ചുപിടിക്കാനാവൂ.

**പി.എം റശാദ്**
**തൈക്കാട്ടുകര, ആലുവ**

# പാഠശാലകളിലെ അക്രമവാസന

**ഹരിയാനയിലെ** ഗുഡ്ഗാവിൽ സഹപാഠികളുടെ വെടിയേറ്റ് എട്ടാം ക്ലാസ് വിദ്യാർഥി മരിച്ച സംഭവം ആരെയും ഞെട്ടിക്കുന്നതാണ്. പ്രതികളെന്ന് കരുതപ്പെടുന്ന സഹപാഠികൾ അഞ്ചു തവണ ഉതിർത്ത വെടിയുണ്ടകൾ നെഞ്ചിലും നെറ്റിയിലും തുളച്ചുകയറിയാണ് അഭിഷേക് ത്യാഗി എന്ന പതിനാലുകാരൻ അന്ത്യശ്വാസം വലിച്ചത്.

സഹപാഠിയുടെ വെടിയേറ്റ് വിദ്യാർഥി മരിക്കാനിടയായ സംഭവം സമീപകാല ഇന്ത്യയുടെ ചരിത്രത്തിൽ അപൂർവമാണ്. പക്ഷേ വിദ്യാർഥികൾ പരസ്പരം ആക്രമിക്കുകയും പ്രതികാരം കൊലപാതകത്തിൽ വരെ എത്തിച്ചേരുകയും ചെയ്യുന്ന പ്രവണത ഒറ്റപ്പെട്ടതല്ല. ഇടവേള നേരത്ത് ക്ലാസ്സിൽനിന്ന് മൂത്രമൊഴിക്കാൻ പോയ വിദ്യാർഥിയെ സ്കൂൾ ഗ്രൗണ്ടിൽ വെച്ച് കുത്തിക്കൊന്ന സംഭവം ഏതാനും വർഷം മുമ്പ് ആലപ്പുഴയിൽ നടന്നു. അമേരിക്കയിൽ വെർജീനിയ ടെക് സർവകലാശാലയിൽ ദക്ഷിണ കൊറിയൻ വിദ്യാർഥി 32 പേരെ വെടിവെച്ചു കൊന്ന സംഭവം കഴിഞ്ഞിട്ട് ഏതാനും മാസങ്ങളേ കഴിഞ്ഞിട്ടുള്ളൂ.

വിദ്യാർഥികൾ പരസ്പരം ഏറ്റുമുട്ടുന്നതും അക്രമമർദനങ്ങൾ അഴിച്ചുവിടുന്നതും കേരളത്തിൽ നിത്യസംഭവമായിക്കൊണ്ടിരിക്കുന്നു. അത്യന്തം ആഭാസകരമായിത്തീർന്നിരിക്കുകയാണ് റാഗിംഗിന്റെ രീതികൾ. മറ്റുള്ളവരുടെ മുമ്പിൽ ഹീറോ ചമയാനും തൻപോരിമ നിലനിർത്താനും അവലംബിക്കുന്ന ഹീന മാർഗങ്ങളാണ് ഇന്ന് റാഗിംഗ്.

രാഷ്ട്രീയത്തിന്റെ പേരിലുള്ള വിഭാഗീയ സംഘട്ടനങ്ങൾ വിദ്യാലയാന്തരീക്ഷം കലുഷിതമാക്കാൻ തുടങ്ങിയിട്ട് കാലമേറെയായി. ഭരണകൂടങ്ങൾ മാറി മാറി വരുന്നുണ്ടെങ്കിലും കലാലയാന്തരീക്ഷം കൂടുതൽ വഷളാകുന്നതല്ലാതെ ശാന്തത കൈവരുന്നില്ല. വിദ്യാർഥികളിൽ അത്യുത്തമ സ്വഭാവ ഗുണങ്ങൾ വിളയിച്ച മതപാഠശാലകളും മതപ്രസ്ഥാനങ്ങളും പുതിയ തലമുറയുടെ വഴിവിട്ട പോക്ക് കണ്ട് നിസ്സഹായമായി നിൽക്കുന്നു.

കുട്ടികളുടെ സ്വഭാവ രൂപീകരണത്തിൽ ചെറുപ്പം മുതൽതന്നെ മാതാപിതാക്കൾ ശ്രദ്ധ പതിപ്പിച്ചേ പറ്റൂ. അമ്മയുടെ താരാട്ടുപാട്ടും കഥാകഥനവും ശിശുവിന്റെ ആരോഗ്യകരമായ വളർച്ചയെ ഉത്തേജിപ്പിക്കുന്ന ഘടകങ്ങളാണ്. ഇവയെല്ലാം പുതിയ തലമുറയിലെ കുട്ടികൾക്ക് നിഷേധിക്കപ്പെടുകയാണ്. പ്രീപ്രൈമറി, നഴ്സറി എന്നീ ഓമനപ്പേരുകളിൽ മുളച്ചുപൊങ്ങുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളിൽനിന്ന് കിട്ടുന്ന പാഠപുസ്തകങ്ങളിലെ ഉള്ളടക്കം കുട്ടികളിൽ അടിച്ചേൽപിക്കുന്ന ജോലിയിലേർപ്പെട്ടിരിക്കുകയാണ് മിക്ക രക്ഷിതാക്കളും. വിദ്യാഭ്യാസമെന്നാൽ മാർക്ക് നേടൽ മാത്രമായി തെറ്റിദ്ധരിച്ചിരിക്കുന്നു. മാർക്ക് നേടാനുള്ള വ്യഗ്രതയിൽ മൂല്യങ്ങളെക്കുറിച്ചോ സ്വഭാവ രൂപീകരണത്തെക്കുറിച്ചോ ചിന്തിക്കാൻ രക്ഷിതാവിന് സമയമില്ലാതെ പോകുന്നു. പരീക്ഷക്ക് ലഭിക്കുന്ന മാർക്കാണ് ജീവിതത്തിന്റെ എല്ലാമെന്ന് തെറ്റിദ്ധരിച്ചുപോയ മാതാപിതാക്കൾ പൊങ്ങച്ചവും ദുരഭിമാനവും കാക്കാൻ കുട്ടികളെയാണ് കുരുതികൊടുക്കുന്നത്.

ശിശുപ്രായത്തിൽ നേടിയെടുക്കാൻ കഴിയാതെ പോയ മൂല്യങ്ങളും ശീലങ്ങളും ഉയർന്ന ക്ലാസ്സുകളിൽ വെച്ചു വീണ്ടെടുക്കാൻ നമ്മുടെ കുട്ടികൾക്ക് കഴിയുന്നില്ല. ശാസ്ത്ര സാങ്കേതികവിദ്യകളും ചരിത്ര വസ്തുതകളും പഠിപ്പിക്കുന്ന കേന്ദ്രങ്ങൾ മാത്രമാണ് ഇന്ന് വിദ്യാഭ്യാസ സ്ഥാപനങ്ങൾ. വിദ്യാഭ്യാസം അതു മാത്രമാണെന്നും ഭരണകൂടങ്ങളും രക്ഷിതാക്കളും തെറ്റിദ്ധരിച്ചു പോകുന്നു. ഇതിന്റെ അനന്തരഫലമാണ് ആധുനിക തലമുറയുടെ ലക്ഷ്യബോധമില്ലായ്മ. ലക്ഷ്യബോധമുള്ള തലമുറയെ സൃഷ്ടിക്കണമെന്ന നിർബന്ധം ആധുനിക സമൂഹത്തിന് ഇല്ലതാനും.

ഉദാത്തമായ മാനവിക മൂല്യങ്ങളും സദാചാര ചിന്തകളും കുട്ടികളിൽ അങ്കുരിപ്പിക്കുകയാണ് കാലഘട്ടത്തിന്റെ ആവശ്യം. ഇതൊരു ദൗത്യമായി ഏറ്റെടുക്കാൻ ചങ്കുറപ്പുള്ള പ്രസ്ഥാനങ്ങൾ വേണം. നന്മയിൽ അധിഷ്ഠിതമായ മനസ്സുകളെ വാർത്തെടുക്കാനുള്ള ധീരമായ ശ്രമമാണ് ഉണ്ടാവേണ്ടത്. എങ്കിൽ മാത്രമേ